കേശവദാസപുരം-പി.എം.ജി. റോഡിന്റെ പണി

107 (2826) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേശവദാസപുരം-പി.എം.ജി. റോഡിന്റെ പ്ലാമൂട് മുതൽ പി.എം.ജി. വരെയുള്ള ഭാഗത്തെ പണി എവിടെവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) രണ്ട് വർഷം മുൻപ് ആരംഭിച്ച ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയായോ എന്നും സ്ഥലം ഏറ്റെടുക്കുകയുണ്ടായോ എന്നും ഇല്ലെങ്കിൽ ഇതിനുവേണ്ടി എന്ത് നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ ;

(സി) അഡ്വാൻസ് പൊസഷനായി സ്ഥലം കൈമാറാൻ തയ്യാറായാൽ നാഷണൽ ഹൈവേ വിഭാഗം സ്ഥലം ഏറ്റെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തിയാക്കുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്ന് മാസം മുൻപ് സ്ഥലവാസികളുടെ യോഗത്തിൽ പറഞ്ഞ ഓഫർ സ്ഥലം ഉടമകൾ സമ്മതിച്ചിട്ടും എന്താണ് നടപടി നടത്താത്തത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഈ റോഡിന്റെ പട്ടം-പി.എം.ജി. വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് ജോലികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

പാലക്കാട്-കുളപ്പുള്ളി ഹൈവേയുടെ നിർമ്മാണം

108 (2827) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട പാലക്കാട്-കുളപ്പുള്ളി ഹൈവേയുടെ രണ്ടാം ഭാഗമായ കുളപ്പുള്ളി-പൊന്നാനി ഹൈവേ നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത ഹൈവേ ഏതെല്ലാം പ്രദേശങ്ങളിൽ കൂടിയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഹൈവേയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഉടൻ നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

കുന്ദമംഗലം-ആർ.ഇ.സി.-മുക്കം റോഡ്

109 (2828) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം-ആർ.ഇ.സി.-മുക്കം റോഡ്, ആർ.ഇ.സി. ഭാഗത്തുനിന്ന് ദിശ മാറ്റിവിടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly